പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 647 — 30.06.2016-ൽ മറുപടിക്ക്.

## സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് ഏകദേശം എത്ര അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ 2013-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് നിലവിൽ ഏതെങ്കിലും തരത്തിലുള്ള രജിസ്ട്രേഷൻ ബാധകമാണോ; ഇവർക്ക് തൊഴിൽ കാർഡ് നിലവിലുണ്ടോ; ഇല്ലായെങ്കിൽ ഇത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) തൊഴിൽ വകുപ്പിൽ നിന്നും ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നില്ല. തൊഴിൽ കാർഡും നൽകുന്നില്ല. എന്നാൽ കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമ പദ്ധതി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പിലാക്കി വരുന്നു. 53,136 തൊഴിലാളികൾ ടി പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും |

വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനു മായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതിയുടെ രൂപരേഖ പരിഗണനയിലാണ്.

| | |
|---|---|
| (സി) സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികൾ തൊഴിലിടങ്ങളിൽ പലതര ചൂഷണങ്ങൾക്കും വിധേയരാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി വരുന്നു. പ്രധാനമായും 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടി കൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ ക്ഷേമം എന്നിവ ഉറപ്പു വരുത്തുവാൻ നടപടികൾ എടുത്തു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു ടാസ്ക് ഫോഴ്സ് 17.12.2015-ലെ സ.ഉ. (സാധാ) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ)-യെ കൺവീനറായും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയംഭരണം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് |

ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് നടന്നു വരുന്നു. ടി വിഭാഗം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച അവബോധം നൽകുന്നതിലേയ്ക്കായി സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി ബോധവൽക്കരണ ക്ലാസ്സുകളും പോസ്റ്റർ പ്രദർശനവും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ അവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്.

| | |
|---|---|
| (ഡി) പ്രസ്തുത തൊഴിലാളികളുടെ അനിയന്ത്രിതമായ ഒഴുക്കുമൂലമുണ്ടാകുന്ന സാമൂഹിക പ്രതിസന്ധികൾ കുറയ്ക്കുന്നതിനും അവർ നേരിടുന്ന തൊഴിൽ ചൂഷണങ്ങൾ തടയുന്നതിനും ഏതെങ്കിലും തരത്തിലുള്ള പ്രത്യേക നിയമത്തിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ